

# ആട് വളർത്തൽ: ആദായകരമായ സ്വയംതൊഴിൽ.

കേരളത്തിന്റെ സാഹചര്യങ്ങൾക്ക് ഏറ്റവും അനുയോജ്യമായ ഒരു മൃഗസംരക്ഷണ മേഖലാ പ്രവർത്തനമാണ് ആട് വളർത്തൽ. ചുരുങ്ങിയ സ്ഥലലഭ്യത നിലനിൽക്കുന്ന നമ്മുടെ സംസ്ഥാനത്തിനു മറ്റു മൃഗപരിപാലന സംരംഭങ്ങളെക്കാൾ അനുയോജ്യം ആട് വളർത്തൽ തന്നെയാണ്. പെട്ടെന്ന് പെറ്റു പെരുകുന്നതിനുള്ള കഴിവും ചെലവുകുറഞ്ഞ പരിപാലന രീതികളും ഇവയെ കൂടുതൽ ആകർഷകമാക്കുന്നു. നമ്മുടെ നാട്ടിലും പുറത്തുമുള്ള ആട്ടിറച്ചിയുടെ ആവശ്യകതയും ലഭ്യതയും തമ്മിലുള്ള അന്തരം ഈ സംരഭത്തിന്റെ ആഭ്യന്തര/അന്താരാഷ്ട്ര വിപണി സാധ്യതകളിലേക്കാണ് വിരൽ ചൂണ്ടുന്നത്. അതുകൊണ്ട് തന്നെ ഒരു കച്ചവട സംരംഭം എന്ന നിലക്ക് ഇതിന്റെ സാധ്യത നമ്മൾ ചൂഷണം ചെയ്യേണ്ടതുണ്ട്. ഒരു തൊഴിൽ സംരഭകൻ ആട് വളർത്തലിൽ ഏർപ്പെടുമ്പോൾ എന്തൊക്കെ കാര്യങ്ങൾ പ്രധാനമായും ശ്രദ്ധിക്കേണ്ടതുണ്ട് എന്ന് ഇവിടെ ഹ്രസ്വമായി വിശകലനം ചെയ്യപ്പെടുന്നു.

## ഭൂമിയുടെ ലഭ്യത

ആടുവളർത്തൽ ലഭാകരമാക്കുന്നതിനു സ്വന്തം ഭൂമിയിലെ പച്ചിലയുടെയും തീറ്റപ്പുല്ലിന്റെയും ലഭ്യത അനിവാര്യമായ ഒരു ഘടകമാണ്. ഒരാടിന് ഒരു ദിവസം മൂന്നു, നാലു കിലോ വരെ പുല്ലും പച്ചിലകളും ആവശ്യമായി വരും. ഈയൊരു നിരക്കിലുള്ള ലഭ്യത വർഷം മുഴുവനും നിലനിർത്തേണ്ടതുണ്ട് എന്നതിനാൽ നമ്മുടെ നമ്മുടെ മേച്ചിൽ പുറങ്ങളിലെ പുല്ലും പ്ലാവിലയും മറ്റും ഉപയോഗപ്പെടുത്തുന്നതിനോടൊപ്പം തന്നെ ശാസ്ത്രീയമായ തീറ്റപ്പുൽ കൃഷിയിലേക്കും കൂടി വലിയ സംരംഭകർ ശ്രദ്ധപതിപ്പിക്കേണ്ടതുണ്ട്. ഏതാണ്ട് ഒരു ഏക്കർ ഭൂമിയിൽ നിന്നുമുള്ള തീറ്റപ്പുൽ കൃഷി അടിസ്ഥാനമാക്കി നമുക്ക് അൻപത് ആടുകളെ വരെ വളർത്താൻ സാധിക്കും. ഗിനിപുല്ല്, സങ്കര നേപിയർ, ലൂസേൺ, സുബാബുൾ (പീലിവാക), സ്റ്റൈലൊസാന്തസ്, അസോള, ശീമക്കൊന്ന എന്നിവ സ്ഥലത്തിന്റെ പ്രത്യേകതകൾക്കനുസൃതമായി നമുക്ക് വച്ചുപിടിപ്പിക്കാം.

## കൂടിന്റെ നിർമാണം

ആവശ്യമായത്ര വായുസഞ്ചാരവും സൂര്യപ്രകാശവും ലഭ്യമാകുന്ന നിലയിലാണ് കൂട് നിർമ്മിക്കേണ്ടത്. കിഴക്ക് പടിഞ്ഞാറു ദിശയിൽ കൂട് നിർമ്മിക്കുന്നതാണ് അഭികാമ്യം. കൂട് മൺനിരപ്പിൽ നിന്നും ഒരു മീറ്ററെങ്കിലും ഉയരത്തിലായിരിക്കണം. കൂടിന്റെ മേൽക്കൂര ഓല, ഓട്, തകര/അലുമിനിയ ഷീറ്റ് എന്നിവയിലേതെങ്കിലും ഉപയോഗിച്ച് നിർമ്മിക്കാവുന്നതാണ്. പ്ലാറ്റ്ഫോം നിർമ്മാണത്തിനായി തെങ്ങോ, കവുങ്ങോ, പനമരമോ ഉപയോഗിക്കാവുന്നതാണ്. ഇങ്ങനെ നിർമ്മിക്കുന്ന പ്ലാറ്റ്ഫോം പലകകൾ തമ്മിൽ ഒരു സെന്റി മീറ്റർ വിടവ് നല്കേണ്ടതാണ്. വെള്ളവും മൂത്രവും കെട്ടിനിൽക്കാത്ത രീതിയാണ് പ്ലാറ്റ്ഫോം നിർമ്മാണത്തിൽ അവലംബിക്കേണ്ടത്. ഇപ്പോൾ റെഡിമേഡായി നിർമിച്ച ഫൈബർ പ്ലാറ്റ്ഫോമുകൾ വിപണിയിൽ ലഭ്യമാണ്. ഒരാടിന് ഒരു ചതുരശ്ര മീറ്റർ സ്ഥലം കൂടിനുള്ളിലുണ്ടായിരിക്കണം. വെള്ളപ്പാത്രവും തീറ്റതൊട്ടിയും യഥാക്രമം ഒരടി, രണ്ടടി ഉയരത്തിൽ സ്ഥാപിക്കേണ്ടതുണ്ട്. ആട്ടിൻകുട്ടികൾ, മുട്ടനാട്, ചെനയുള്ള ആട്, പ്രസവിച്ച ആട്, കറവയാട് എന്നിവയ്ക്ക് പ്രത്യേകം വിഭാഗങ്ങൾ കൂടിനുള്ളിൽ നല്കേണ്ടതുണ്ട് .

## നല്ലയിനം ആടുകളുടെ ലഭ്യത

നമ്മുടെ കാലാവസ്ഥയും സാഹചര്യങ്ങളും കണക്കിലെടുത്ത് വേണം ഏതിനം ആടുകളെയാണ് വളർത്തേണ്ടത് എന്ന് നിശ്ചയിക്കാൻ. കേരളത്തിന്റെതായി മലബാറി, അട്ടപ്പാടി ബ്ലാക്ക് എന്നീ രണ്ടിനം ആടുകളാണുള്ളത്. രോഗപ്രതിരോധ ശേഷിയും, തീറ്റ പരിവർത്തന നിരക്കും, പ്രത്യുല്പാദന ശേഷിയും കണക്കിലെടുക്കുമ്പോൾ മലബാറി ആടുകളാണ് നമ്മുടെ നാടിനനുയോജ്യം. ഇവയ്ക്ക് അറുപത് ശതമാനം പ്രസവത്തിലും ഒന്നിൽ കൂടുതൽ കുട്ടികൾ ഉണ്ടാകാറുണ്ട്. ആട്ടിൻകുട്ടികളെ സർക്കാർ ഫാമുകളിൽ നിന്നോ, നല്ല നിലയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ഫാമുകളിൽ നിന്നോ, അതാതു പ്രദേശങ്ങളിലെ കർഷകരിൽ നിന്നോ വളർത്താനായി തെരഞ്ഞെടുക്കാവുന്നതാണ്. പൊതുവായ ആരോഗ്യ ലക്ഷണങ്ങൾ, ജനുസിന്റെ ഗുണങ്ങൾ എന്നിവയോടൊപ്പം തന്നെ ഒരു പ്രസവത്തിലുണ്ടാകുന്ന കുട്ടികളുടെ എണ്ണം, പ്രസവങ്ങൾക്കിടയിലുള്ള ദൈർഘ്യക്കുറവ്, ശരീരവളർച്ചയുടെ തോത്, പാലുല്പാദന ശേഷി എന്നിവയ്ക്കും പ്രാധാന്യം കൊടുത്തു വേണം ആടുകളെ തെരഞ്ഞെടുക്കുന്നത്. ആട്ടിൻകുട്ടികളെ കർഷകർക്ക് വിതരണം ചെയ്യുന്ന സർക്കാർ ഫാമുകളുടെ വിവരങ്ങൾ താഴെ നല്കുന്നു.

ഗോട്ട് ആൻഡ് ഷീപ് ഫാം, മണ്ണുത്തി.
കെ. എൽ. ഡി. ബി. ഗോട്ട് ഫാം, ധോണി, പാലക്കാട്.
ഗോട്ട് ഫാം, കോമേരി കണ്ണൂർ.
ഗോട്ട് ഫാം, പാറശാല, തിരുവനന്തപുരം.
ഗോട്ട് ഫാം, അട്ടപ്പാടി, പാലക്കാട്.



## ആടുകളുടെ പ്രജനനം

പതിനഞ്ചു കിലോഗ്രാം തൂക്കമെത്തിയ മദിലക്ഷണം കാണിക്കുന്ന പെണ്ണാടുകളെ ഇണ ചേർക്കാവുന്നതാണ്. സാധാരണ ഇത് ഏഴു മുതൽ എട്ടു മാസത്തിനുള്ളിലാണ്. 150 ദിവസമാണ് ആടിന്റെ

ഗർഭകാലം. രണ്ട് വർഷത്തിൽ മൂന്ന് പ്രസവങ്ങളാണ് ഒരു മലബാറി ആടിൽ നിന്നും ശരാശരി ലഭിക്കുന്നത്. ഇരുപത് ഇരുപത്തഞ്ചു പെണ്ണാടുകളെ ഇണചേർക്കുന്നതിനായി ഒരു മുട്ടനാടിനെ നില നിർത്തിയാൽ മതിയാകും. അന്തർപ്രജനനവും അതുവഴിയുണ്ടാകുന്ന പ്രത്യുല്പാദന ശേഷിയിലുള്ള കുറവും സാമ്പത്തിക നഷ്ടവും ഒഴിവാക്കുന്നതിനായി രക്തബന്ധമുള്ള ആടുകൾ തമ്മിൽ ഇണചേർക്കുന്നത് ഒഴിവാക്കേണ്ടതാണ്. ഇതിനായി കൃത്യമായ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്. കഴിവതും ഇണചേർക്കുന്ന മുട്ടനാടുകളെ ഒന്നോ രണ്ടോ വർഷം മാത്രം നിർത്തിയാൽ മതിയാകും.

## ആരോഗ്യ സംരക്ഷണം

ശാസ്ത്രീയമായ പരിപാലനമുറകൾ പിന്തുടരുന്നതിനോടൊപ്പംതന്നെ ആടുകളിലുണ്ടാകുന്ന രോഗങ്ങൾ തുടക്കത്തിൽ തന്നെ തിരിച്ചറിയേണ്ടതുണ്ട്. ഇത് കാലതാമസം കൂടാതെയുള്ള വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിനുപകരിക്കും. ആന്തരിക പരാദങ്ങളുടേയും, ചെള്ള്, പേൻ, പട്ടുണ്ണി പോലുള്ള ബാഹ്യ പരാദങ്ങളുടേയും നിയന്ത്രണം ആട് വളർത്തലിൽ വളരെ പ്രാധാന്യമർഹിക്കുന്നു. വളർച്ചയുടെ ഘട്ടത്തിൽ രണ്ടു മാസത്തിലൊരിക്കലെങ്കിലും വിരയിളക്കേണ്ടതാണ്. ബാഹ്യ പരാദങ്ങളുടെ നിയന്ത്രണത്തിനായി മരുന്നുകൾ ശരീരത്തിൽ സ്പ്രേ ചെയ്യുകയോ, തേച്ചു പിടിപ്പിക്കുകയോ ചെയ്യാവുന്നതാണ്. മാരകമായ എന്ററോറ്റൊക്സീമിയ, ആട് പ്ലേഗ്, കുളമ്പ് രോഗം എന്നീ അസുഖങ്ങൾക്ക് കൃത്യമായ പ്രതിരോധ കുത്തിവയ്പ്പുകൾ അവലംബിക്കുക തന്നെ വേണം. പുതിയതായി കൊണ്ടുവരുന്ന ആടുകളെ രണ്ടാഴ്ചയെങ്കിലും നിരീക്ഷണത്തിൽ വെച്ചതിന് ശേഷം മാത്രമേ മറ്റുള്ളവയുമായി ഇടകലർത്താവൂ.

## വിപണനം

അതാത് സ്ഥലങ്ങളിലെ ആടുമായി ബന്ധപ്പെട്ട ഉല്പന്നങ്ങളുടെ ആവശ്യകതയും ലഭ്യതയും ഈ സംരംഭം തുടങ്ങുന്നതിന് മുൻപായി മനസ്സിലാക്കിവെക്കേണ്ടതുണ്ട്. ലോകത്താകമാനം ആട്ടിറച്ചിക്ക് വലിയ ഡിമാൻഡാണുള്ളത്. താരതമ്യേന കൊളസ്ട്രോളും കൊഴുപ്പും കുറഞ്ഞ ആട്ടിറച്ചിക്ക് മതപരമായോ മറ്റുരീതികളിലോ ഉള്ള വിലക്കുകൾ ഒന്നും തന്നെയില്ല. ആട്ടിറച്ചി കയറ്റുമതി ചെയ്യാനുള്ള സാധ്യതയും വലിയ തോതിൽ സ്ഥിരമായി വിപണനം ചെയ്യാനുള്ള സാഹചര്യങ്ങളും പരിശോധിക്കേണ്ടതുണ്ട്. എളുപ്പം ദഹിക്കുന്ന ആട്ടിൻപാൽ പല ആയുർവേദ മരുന്നുകളുടേയും ചേരുവയാണ്. ആട്ടിൻകാഷ്ഠത്തിൽ അടങ്ങിയിരിക്കുന്ന നൈട്രജനും ഫോസ്ഫറസും അതിനെ നല്ല ഒരു ജൈവവളമാക്കി മാറ്റുന്നു. ഇന്ത്യക്ക് വലിയതോതിൽ വിദേശനാണ്യം നേടിത്തരുന്ന തുകൽ കയറ്റുമതിയിൽ ആട്ടിൻതോലിനുള്ള പങ്ക് വലുതാണ്. പ്രജനനത്തിനായുള്ള ആട്ടിൻകുട്ടികൾക്ക് കേരളത്തിൽ നല്ല ഡിമാൻഡാണുള്ളത്. ലാഭകരമായ ഒരു സ്വയംതൊഴിൽ എന്ന അവസ്ഥ നിലനിർത്തുന്നതിനായി ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ടുള്ള വിപണനത്തിനായി കർഷകർ സംഘടിക്കേണ്ടതുണ്ട്. പരസ്പര സഹകരണം അടിസ്ഥാനപ്പെടുത്തിയുള്ള ഇത്തരം കർഷകകൂട്ടായ്മകൾ അവരുടെ ഉല്പന്നങ്ങൾക്ക് പരമാവധി വിപണി വില ഉറപ്പു വരുത്തുന്നതോടൊപ്പം പരിപാലനമുറകളിലെ നൂതന അനുഭവങ്ങളും അറിവുകളും പങ്കുവക്കുന്നതിനും ഉതകുന്നു. കണ്ണൂർ ജില്ലയിലെ പേരാവൂർ അടിസ്ഥാനമാക്കി പ്രവർത്തിച്ച് വരുന്ന 'കണ്ണൂർ ഡിസ്ട്രിക്റ്റ് ഗോട്ട് ബ്രീഡേഴ്സ് സൊസൈറ്റി' ഇത്തരം കർഷകകൂട്ടായ്മക്ക് ഒരു ഉത്തമ ഉദാഹരണമാണ്.

## ശ്രദ്ധിക്കേണ്ട വസ്തുതകൾ

ആട്ടിൻകുട്ടികളുടെ മരണ നിരക്ക് കുറയ്ക്കുന്നതിനായി കർഷകർ ചില കാര്യങ്ങൾക്ക് പ്രത്യേകം ഊന്നൽ നല്കേണ്ടതുണ്ട്, ആട്ടിൻകുട്ടി ജനിച്ചയുടനെതന്നെ അര മണിക്കൂറിനകം കന്നിപ്പാൽ നല്കുന്നതാണ് ഇതിൽ പ്രധാനം. ഇത് വഴി പ്രതിരോധ ശേഷി കൈവരിക്കാൻ ആട്ടിൻകുട്ടികൾക്കാവുന്നു. മഴയും തണുപ്പും ബാധിക്കാതെ വേണം ഇവയെ പാർപ്പിക്കാൻ. ഈർപ്പം നിറഞ്ഞ അന്തരീക്ഷം ഒഴിവാക്കാൻ ശ്രദ്ധിക്കണം. ആട്ടിൻകുട്ടികളിൽ കാണുന്ന വയറിളക്കത്തിന് വൈദ്യസഹായം തേടേണ്ടതാണ്. കറവയുള്ള ആടുകൾക്ക് ഒരു ലിറ്റർ പാലിന് 400 ഗ്രാം എന്ന കണക്കിലും ചെനയുള്ള ആടുകൾക്ക് നാലാം മാസം മുതൽ 250 ഗ്രാം എന്ന കണക്കിലും സാന്ദ്രീകൃതാഹാരം ദിവസവും നല്കേണ്ടതുണ്ട്. പൂപ്പൽ ബാധിച്ചതും കട്ടപിടിച്ചതുമായ തീറ്റ ഒരു കാരണവശാലും ആടുകൾക്ക് നല്കരുത്. പായസം, കഞ്ഞി, പഴുത്ത ചക്ക മുതലായവ അധികമായി നല്കുന്നത് മരണത്തിലേക്ക് വരെ എത്തിച്ചേക്കാം. ദ്രവരൂപത്തിലുള്ള മരുന്നുകൾ പിടിച്ചുകൊടുക്കുമ്പോൾ ഏറെ ശ്രദ്ധിക്കേണ്ടതുണ്ട് അല്ലെങ്കിൽ ഇവ ശ്വാസകോശത്തിലെത്തി ന്യൂമോണിയ പിടിപെടാനുള്ള സാധ്യത വളരെ അധികമാണ്. ആടുകൾക്ക് മൃഗാശുപത്രിയുമായി ബന്ധപ്പെട്ട് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കാൻ ശ്രമിക്കുക.

## എ. ഐ. സി. ആർ. പി. ഓൺ ഗോട്ട് ഇംപ്രൂവ്മെന്റ് (മലബാറി)

## ലക്ഷ്യങ്ങളും പ്രവർത്തനവും

- കർഷകരുടെ സാഹചര്യങ്ങളിൽ വളരുന്ന മലബാറി ആടുകളുടെ ഉല്പാദനക്ഷമത നിർണ്ണയിക്കുക.
- ആടുകളുടെ ശാസ്ത്രീയമായ തെരഞ്ഞെടുപ്പ് മുട്ടനാടുകളുടെ വിതരണം എന്നീ മാർഗ്ഗങ്ങളിലൂടെ മലബാറി ആടുകളുടെ ഉല്പാദനക്ഷമത വർധിപ്പിക്കുക.
- ആട് വളർത്തുന്ന കർഷകരുടെ സാമൂഹികവും സാമ്പത്തികവുമായ നിലവാരം വിലയിരുത്തുക.
- ആട് വളത്തലിന്റെ സാമ്പത്തികഅവലോകനം നടത്തുക.
- ആട് വളത്തൽ സംബന്ധിച്ച് വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.
- ആടുകളുടെ വിരയിളക്കൽ, പ്രതിരോധ കുത്തിവയ്പ്പുകൾ തുടങ്ങിയ ആരോഗ്യരക്ഷാ പ്രവർത്തനങ്ങൾ നടത്തുക.
- ആടിന്റെയും ആടുമായി ബന്ധപ്പെട്ട ഉല്പന്നങ്ങളുടെയും വിപണന സാദ്ധ്യതകൾ തിട്ടപ്പെടുത്തുക.
- മലബാറി ആടുകളെ വളർത്തുന്ന കർഷകരുടെ കൂട്ടായ്മകൾ പ്രോത്സാഹിപ്പിക്കുക.



തയ്യാറാക്കിയത്:

**ഡോ. ആർ. തിരുപ്പതി വെങ്കടാചലപതി,**
**ഡോ. റോജൻ പി. എം.**

എ. ഐ. സി. ആർ. പി. ഓൺ ഗോട്ട് ഇംപ്രൂവ്മെന്റ് (മലബാറി)